# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 ഒക്ടോബർ 07** **website: [www.uoc.ac.in](http://www.uoc.ac.in)**

---

### " കാളിദാസോത്സവം "
### സംഘടിപ്പിച്ചു

കാളിദാസജയന്തിയോടനുബന്ധിച്ച് കാലിക്കറ്റ് സർവകലാശാലാ സംസ്‌കൃതം പഠനവകുപ്പ് " കാളിദാസോത്സവം " സംഘടിപ്പിച്ചു. രണ്ട് ദിവസങ്ങളിലായി നടന്ന പരിപാടി പഠനവകുപ്പ് മുൻ മേധാവി പ്രൊഫ. (ഡോ) സി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പഠനവകുപ്പ് മേധാവി പ്രൊഫ. (ഡോ) എൻ.എൻ. ശിഹാബ് അധ്യക്ഷത വഹിച്ചു. 'കാളിദാസൻ : കാവ്യസൗന്ദര്യത്തിന്റെ വിസ്മയലോകങ്ങളിലൂടെയുള്ള ഒരു യാത്ര' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ പ്രൊഫ. (ഡോ) വി.ആർ. മുരളീധരൻ, പ്രൊഫ. (ഡോ) ടി. മിനി, പ്രൊഫ. (ഡോ) സി.എം. നീലകണ്ഠൻ, പ്രൊഫ. (ഡോ) കെ.പി. ശ്രീദേവി, പ്രൊഫ. (ഡോ) സി.കെ. ജയന്തി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കാലടി ശ്രീ ശങ്കരാചാര്യ സംസ്‌കൃത സർവകലാശാല മുൻ വൈസ് ചാൻസിലർ പ്രൊഫ. (ഡോ) കെ.കെ. ഗീതാകുമാരി, പ്രൊഫ. (ഡോ) കെ.കെ. അബ്ദുൽ മജീദ്, പ്രൊഫ. (ഡോ) രഞ്ജിത് രാജൻ, പ്രൊഫ. (ഡോ) ഒ.കെ. ഗായത്രി തുടങ്ങിയവർ സംസാരിച്ചു.

***ഫോട്ടോ :*** *കാളിദാസജയന്തിയോടനുബന്ധിച്ച് കാലിക്കറ്റ് സർവകലാശാലാ സംസ്‌കൃതം പഠനവകുപ്പ് സംഘടിപ്പിച്ച " കാളിദാസോത്സവം " പഠനവകുപ്പ് മുൻ മേധാവി പ്രൊഫ. (ഡോ) സി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.*

***പി.ആർ. 1417/2026***

### എജ്യുക്കേഷൻ പഠനവകുപ്പിൽ
### ഗസ്റ്റ് അധ്യാപക ഒഴിവ്

കാലിക്കറ്റ് സർവകലാശാലാ എജ്യുക്കേഷൻ പഠനവകുപ്പിൽ അറബിക്, ഹിന്ദി, മാത്തമാറ്റിക്സ് - എജ്യുക്കേഷൻ വിഷയങ്ങൾക്ക് ദിവസവേതനാടിസ്ഥാനത്തിലുള്ള ഗസ്റ്റ് അധ്യാപക ഒഴിവുണ്ട്. പ്രസ്തുത ഒഴിവുകളിലേക്കുള്ള വാക് - ഇൻ - ഇന്റർവ്യൂ ഒക്ടോബർ 09-ന് നടക്കും. യോഗ്യരായവർ രാവിലെ 10.00 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം പഠനവകുപ്പിൽ ഹാജരാകണം. യോഗ്യത : അറബിക്ക് / ഹിന്ദി / മാത്തമാറ്റിക്സ് ബിരുദാനന്തര ബിരുദം, എം.എഡ്., നെറ്റ്. നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഇല്ലാത്തവരെയും പരിഗണിക്കും. ഫോൺ : 9447539069.

***പി.ആർ. 1418/2026***

**പ്രാക്ടിക്കൽ പരീക്ഷ**

അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് തിയേറ്റർ ആർട്സ് നവംബർ 2026 സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് എക്സ്റ്റേണൽ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 16, 17, 19 തീയതികളിൽ നടക്കും. കേന്ദ്രം : സ്കൂൾ ഓഫ് ഡ്രാമ ആന്റ് ഫൈൻ ആർട്സ്, ഡോ. ജോൺ മത്തായി സെന്റർ, അരണാട്ടുകര, തൃശ്ശൂർ.

അഞ്ചാം സെമസ്റ്റർ ബി.വോക്. ഒപ്റ്റോമെട്രി ആന്റ് ഒഫ്താൽമോളജിക്കൽ ടെക്നിക്സ് (സി.ബി.സി.എസ്.എസ്. - വി. - യു.ജി.) നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 02, 03 തീയതികളിൽ നടക്കും. കേന്ദ്രം : എം.ഇ.എസ്. കേവീയം കോളേജ്, വളാഞ്ചേരി. ഷെഡ്യൂൾ വെബ്സൈറ്റിൽ. ***പി.ആർ. 1419/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി**
**പരീക്ഷാഅപേക്ഷ**

സർവകലാശാലാ ടീച്ചർ എജ്യുക്കേഷൻ സെന്ററുകൾ / അഫിലിയേറ്റഡ് കോളേജുകളിലെ കോഴ്സ് പൂർത്തിയാക്കിയിട്ടും എല്ലാ നോർമൽ സപ്ലിമെന്ററി അവസരങ്ങളും നഷ്ടമായവർക്കുള്ള ഒന്നാം സെമസ്റ്റർ ( 2021 സിലബസ് ) ബി.എഡ്. (2021 പ്രവേശനം) സെപ്റ്റംബർ 2025, (2022 പ്രവേശനം) സെപ്റ്റംബർ 2026 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകൾക്ക് ഒക്ടോബർ 08 മുതൽ 26 വരെ അപേക്ഷിക്കാം. ***പി.ആർ. 1420/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി**
**പരീക്ഷാഫലം**

മൂന്നാം സെമസ്റ്റർ എം.എസ് സി. മാത്തമാറ്റിക്സ്, എം.എസ് സി. മാത്തമാറ്റിക്സ് വിത് ഡാറ്റാ സയൻസ് (സി.ബി.സി.എസ്.എസ്. - 2021 പ്രവേശനം) സെപ്റ്റംബർ 2025, വിദൂര വിഭാഗം മൂന്നാം സെമസ്റ്റർ എം.എസ് സി. മാത്തമാറ്റിക്സ് (2020 പ്രവേശനം) സെപ്റ്റംബർ 2024 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 17 വരെ അപേക്ഷിക്കാം.

മൂന്ന്, നാലാം വർഷ ബി.എച്ച്.എം. ( 2019 പ്രവേശനം ) സെപ്റ്റംബർ 2025 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 21 വരെ അപേക്ഷിക്കാം. ***പി.ആർ. 1421/2026***

**പരീക്ഷാ അപേക്ഷ**

ഒന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എജ്യുക്കേഷൻ - ഹിയറിങ് ഇംപയർമെന്റ് ( 2025 സിലബസ് - 2025 പ്രവേശനം മുതൽ, 2015 സിലബസ് - 2024 പ്രവേശനം ), ഇന്റലക്ച്വൽ ഡിസെബിലിറ്റി ( 2025 സിലബസ് - 2025 പ്രവേശനം മുതൽ, 2021 സിലബസ് - 2024 പ്രവേശനം ) റഗുലർ / സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 29 വരെയും 210 രൂപ പിഴയോടെ നവംബർ 02 വരെയും അപേക്ഷിക്കാം. ലിങ്ക് ഒക്ടോബർ 13 മുതൽ ലഭ്യമാകും. ***പി.ആർ. 1422/2026***

**പരീക്ഷാഫലം**

രണ്ടാം സെമസ്റ്റർ ( സി.സി.എസ്.എസ്. ) എം.എ. വുമൺ സ്റ്റഡീസ് ( 2023 പ്രവേശനം ), എം.എസ് സി. ബോട്ടണി ( 2024, 2025 പ്രവേശനം ) ഏപ്രിൽ 2026 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1423/2026***